വ്യവസായ വകുപ്പിന്റെ കീഴിൽ ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ

14 [1219] ശ്രീ. ലൂഡി ലൂയിസ് :

,, കെ. ബാബു :

,, ടി. എൻ. പ്രതാപൻ :

,, എം. എ. വാഹീദ് :

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികൾക്ക് രൂപം നല്കുവാനാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കുവേണ്ടി ആകെ എന്ത് തുകയുടെ നിക്ഷേപം വേണ്ടിവരും;

(സി) ഇതിൽ വിദേശികൾ നടത്തുന്ന നിക്ഷേപം എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ, ബി) കെ.എസ്.ഐ.ഡി.സി. ബോർഡ് നിക്ഷേപ തീരുമാനമെടുത്ത് നടപ്പാക്കിവരുന്ന ഏതാണ്ട് 14 പദ്ധതികളാണ് കൊച്ചിയിലുള്ളത്. അവയുടെ ആകെ നിക്ഷേപം ഏകദേശം 100 കോടി രൂപ വരും. കൂടാതെ കെ.എസ്.ഐ.ഡി.സി യുമായി ബന്ധപ്പെട്ട് കൊച്ചിയിൽ സ്ഥാപിക്കുന്നതിനായി രൂപപ്പെടുത്തിവരുന്ന വൻകിട പദ്ധതികളിലെ ആകെ നിക്ഷേപം 20455 കോടി രൂപ വരും.

വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ ചെറുകിട വ്യവസായ മേഖലയിൽ വിവിധ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. ചെറുകിട വ്യവസായമേഖലയിലെ നിക്ഷേപം സ്വകാര്യ വ്യക്തികളുടേതായതിനാലും ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിൽ വരുത്തുന്നതിനാലും വർദ്ധിച്ച മുതൽ മുടക്ക് പ്രതീക്ഷിക്കുന്നു.

കൊച്ചിയിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ കളമശ്ശേരിയിൽ ഒരു ബയോടെക്നോളജി പാർക്കും, ഒരു സ്പെഷ്യൽ ഇക്കണോമിക് സോണും സ്ഥാപിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) കെ.എസ്.ഐ.ഡി.സി ബോർഡ് നിക്ഷേപ തീരുമാനമെടുത്ത പദ്ധതികളിൽ വിദേശ നിക്ഷേപം ഇല്ല.

ചെറുകിടവ്യവസായ മേഖലയിൽ വരാൻപോകുന്ന നിക്ഷേപത്തെക്കുറിച്ച് ഇപ്പോൾ പറയാനാവില്ല.

ബയോടെക്നോളജി പാർക്കിന്റെയും സ്പെഷ്യൽ ഇക്കണോമിക്ക് സോണിന്റെയും അടിസ്ഥാന സൗകര്യ വികസനത്തിനായി ഇപ്പോൾ വിദേശ നിക്ഷേപം ഒന്നും വിഭാവനം ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ചൗധരി കമ്മിറ്റി

15[1220] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പൊതുമേഖലയുടെ നവീകരണത്തിനായി നിയമിച്ച ചൗധരി കമ്മിറ്റി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) കേന്ദ്ര ഗവൺമെന്റിലെ ഓഹരി വിറ്റഴിക്കൽ വകുപ്പ് വേണ്ടെന്നുവച്ച സാഹചര്യത്തിൽ കേരളത്തിലെ ചൗധരി കമ്മിറ്റി പിരിച്ചുവിടാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 3-2-2005-ലെ (ആർ.ടി.) 86/2005/വ്യവ. നമ്പർ ഉത്തരവ് പ്രകാരം 31-1-2005 മുതൽ ചൗധരി കമ്മിറ്റിയുടെ പ്രവർത്തനം അവസാനിപ്പിച്ചു കഴിഞ്ഞു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ 2001 മുതൽ 2005 വരെയുള്ള കമ്മി/ലാഭം

16 [1221] ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിലെ മൊത്തം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ കമ്മി/ലാഭം എന്നിവ ഓരോ സ്ഥാപനവും വർഷവും തിരിച്ച് 2001 മുതൽ 2005 ജനുവരിവരെയുള്ളവ വെളിപ്പെടുത്താമോ ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ നഷ്ടം കുറച്ചുകൊണ്ടുവരാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ?

(ഡി) ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കൂടുതൽ ലാഭം ഉണ്ടാക്കുവാനും സ്ഥിരമായി നില നിർത്തുവാനും എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി, സി, ഡി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മാസംതോറും അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ വ്യവസായ വകുപ്പ് മന്ത്രിയും സെക്രട്ടറിമാരും നേരിട്ടും

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly